# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM26/2379/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/11/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM26/2379/2022 തീയ്യതി: 02/11/2022

## മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2022 മുതൽ 21-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസുഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സക്കീന. കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ചെമ്പൻ മുഹമ്മദാലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഉണ്ണി കെ | സെക്രട്ടറി | 01-04-2021 | 02-06-2021 |

| | | | |
|---|---|---|---|
| ശ്രീ. ഷമീൽ .ഇ | സെക്രട്ടറി | 03-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മീരമോൾ ടി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ മധുസൂദനൻ സി എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ഷാജി അറക്കൽ | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2021 | 31-03-2022 |
| ശ്രീ ഷൈജു പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജയശ്രീ പി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ് കുമാർ കെ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പങ്കജവല്ലി കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ ലൈജു മോൻ രാജപ്പൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി ജയന്തി നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 16-07-2021 | 18-07-2021 |
| ശ്രീ സന്ദ എസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി<br>Written By: Sakeena K (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 01-10-2022) | 1-7 |
| 9 | ക്യാഷ് പരിശോധന.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 30-09-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 30-09-2022)<br>Last Updated By: A.C.Abdulla (Audit Officer, On 30-09-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 01-10-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-10-2022) | 1-11 |
| 13 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക-അപാകത<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-10-2022) | 1-11-1 |
| 14 | ഓഡിറ്റ് റിപ്പോർട്ടിൽ ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: A.C.Abdulla (Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-12 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-13 |
| 16 | വസ്തു നികുതി പിരിവ്-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-14 |
| 17 | വസ്തു നികുതി കുറവായി ചുമത്തി.<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-15 |
| 18 | കുടിശ്ശിക -ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sakeena K (Auditor, On 01-10-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-16 |
| 19 | സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം<br>Written By: Sakeena K (Auditor, On 30-09-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 31-10-2022) | |
| 20 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതിയിൽ കുറവ്<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-18 |
| 21 | വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല.<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-19 |
| 22 | വാടക പിരിവ് - അപാകതകൾ<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-20 |
| 23 | പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ. 440399/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-21 |
| 24 | കെൽട്രോണിന് മുൻകൂർ തുക നൽകി- ലാപ്ടോപ്പ് ലഭ്യമായിട്ടില്ല.<br>Written By: Sakeena K (Auditor, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-22 |
| 25 | പോഷകാഹാര വിതരണം - അപാകതകൾ<br>Written By: Sakeena K (Auditor, On 29-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-23 |
| 26 | വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് ചെലവ് മാർഗ്ഗരേഖാ വിരുദ്ധം<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-24 |
| 27 | PMC-അക്രഡിറ്റ് ഏജൻസികൾക്ക് പ്രവൃത്തി നേരിട്ട് നടപ്പിലാക്കുന്നതിന് ചുമതല നൽകി<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-25 |
| 28 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഇല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-26 |
| 29 | അസി.എൻജിനിയർ-കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-27 |
| 30 | അസി.എൻജിനിയർ-കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-28 |
| 31 | സർക്കാർ നിർദ്ദേശം പാലിക്കാതെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-29 |
| 32 | മരാമത്ത് -ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-30 |
| 33 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-31 |
| 34 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 30-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-32 |
| 35 | വയോജനങ്ങൾക്ക് ചാരുകസേര പദ്ധതി മാർഗ്ഗരേഖാ വിരുദ്ധം<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-10-2022) | 1-33 |
| 36 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 1-34 |
| 37 | ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 01-10-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 01-10-2022) | 1-35 |
| 38 | റോഡ് കോൺക്രീറ്റ് - അധികം നൽകിയ ₹ 28639 തിരിച്ചടച്ചു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 10-10-2022) | 1-36 |

| | | |
|---|---|---|
| | Last Updated By: Muhammed Fasalurahman (Asst. Audit Officer, On 10-10-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 30-10-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 30-09-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 25-09-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Unni.P (Deputy Director, On 31-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 25-09-2022)<br>Last Updated By: Sakeena K (Auditor, On 01-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) 15.02.2021 | FSC2(1) 07-03-2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2022 | 30.05.2022 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 47347112 |
| വരവ് | 128479594 |
| ആകെ | 175826706 |
| ചെലവ് | 113375963 |
| നീക്കിയിരിപ്പ് | 62450743 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22854311 | 22854311 | 22351973 | 502338 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8665581 | 8665581 | 7794430 | 871151 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 24411857 | 24411857 | 13325989 | 11085868 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7975441 | 7975441 | 3869765 | 4105676 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 13582596 | 13582596 | 2050336 | 11532260 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 6112007 | 6112007 | 3640672 | 2471335 |
| ബി ഫണ്ട് | 0 | 81343300 | 81343300 | 81343300 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 300 | 175929370 | 210 | 94325210 | 0 | 90 | 70% |

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)11/2018/LSGD Dt 29.01.2018, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1. പഞ്ചായത്ത് തല ആസൂത്രണ സമിതി പ്രവർത്തന വിവരം ലഭ്യമല്ല.

   പഞ്ചായത്തിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ആസൂത്രണം നിർവഹണം , വിലയിരുത്തൽ എന്നീ അടിസ്ഥാന ചുമതലകൾ നിരവേറ്റുന്നതിന് ആസൂത്രണ സമിതി നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ആസൂത്രണ സമിതി യോഗ മിനുട്സ് ശരിയായി എഴുതിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

   പഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 21-22 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ ഒരു യോഗം മാത്രമാണ് ചേർന്നത് ( 28.01.2021 ന്). വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ഒരു വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്സ്

ശരിയായി എഴുതിയിട്ടില്ല എന്ന് വ്യക്തമായി. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

ഏതാനും പ്രൊജക്ട് നിർദ്ദേശങ്ങൾ എഴുതുക മാത്രമാണ് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും ചെയ്തിട്ടുള്ളത്. ബഹു ഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല.

3. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് എങ്ങനെ എന്ന് വ്യക്തമല്ല.

പഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് 28.01.2021 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചു എന്നാണ് പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 15.01.2021 ന് ഭരണസമിതി അംഗീകരിച്ച 21-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് ആദ്യ യോഗം കൂടുന്നത് തന്നെ 28.01.2021 ന് ആണ്. അന്നേ ദിവസം തന്നെ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു എന്നതിൽ നിന്നും അംഗീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തമില്ലാതെയാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത് എന്ന് വ്യക്തമാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ നടപടികളുടെയും വിവരശേഖരണത്തിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമാകാത്തതിനാൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

4. പദ്ധതി ആസൂത്രണ ഗ്രാമസഭ- വിവരം പരിശോധിക്കാനായില്ല.

ഗ്രാമസഭായോഗങ്ങൾ നടക്കുന്ന സമയമായതിനാൽ ഗ്രാമസഭാ മിനുട്സുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

5. വികസന സെമിനാർ - ലക്ഷ്യം നിറവേറ്റുന്നില്ല.

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 15.02.2021 ന് നടക്കുകയുണ്ടായി. വികസന സെമിനാറിൽ പങ്കെടുത്ത അംഗങ്ങളുടെ പേരെഴുതിയ ഒരു രജിസ്റ്റർ അല്ലാതെ വികസന സെമിനാറിലെ ചർച്ചകളും നിർദ്ദേശങ്ങളും ഒന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

രേഖകൾ ലഭ്യമല്ലാത്തതിനാൽ വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യം വികസന സെമിനാർ നിറവേറ്റിയോ എന്നത് പരിശോധിക്കാനായിട്ടില്ല.

പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്ത് ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും ഒഴികെയുള്ള പൊതു ജന പങ്കാളിത്തം തയ്യാറാക്കുന്ന പ്രൊജക്ടുകളുടെ ആവശ്യകത എന്നിവ ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് നിരന്തര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 50920 | 2162772 | 2213692 | 2158522 | 55170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 31770254 | 31770254 | 31770254 | 0 |

കുറിപ്പ്:

ടി തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.1-11 ക്രമ നം 4 ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3601600 | 236 |
| വിധവാപെൻഷൻ | 23004100 | 1499 |
| വാർദ്ധക്യകാല പെൻഷൻ | 44140200 | 3170 |
| ഭിന്നശേഷി പെൻഷൻ | 9915000 | 647 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 502400 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2022 ,10.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തലേ ദിവസത്തെ കളക്ഷൻ തുക അടവാക്കിയിരുന്നതിനാൽ 37502/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ലഭിച്ച വിവിധ തപാലുകൾ സെക്ഷനുകൾക്ക് തുടർ നടപടിക്ക് കൈമാറിയിട്ടില്ല.

2)സെക്ഷനുകൾ കൈപ്പറ്റിയ തപാലുകളുടെ വിവരം രേഖപ്പെടുത്തി പേർസണൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തപാലുകളിൽ സമയ ബന്ധിതമായി തുടർ നടപടി സ്വീകരിച്ചോ എന്നത് പരിശോധിക്കാനായിട്ടില്ല.

3)വസ്തു നികുതി, തൊഴിൽ നികുതി എന്നിവ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഡിമാന്റ് ചെയ്യുന്നില്ല

4)നികുതി കുടിശ്ശിക വരുത്തിയ നികുതി ദായകരിൽ നിന്ന് നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5)തെരുവ് വിളക്ക് പരിപാലനത്തിന് വൻ തുക ചെലവഴിക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6)നികുതികൾ യഥാസമയം ഡിമാന്റ് ചെയ്യുന്നില്ല.
7)മെഡിക്കൽ ഓഫീസർ PHC പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8)കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-6-22 | 01/22മുതൽ 5/22 | 24.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2019 മുതൽ 30.08.2019 വരെ | 2014-15 മുതൽ 2018-19 വരെ | 30.09.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട് ജനറൽ, CFC(Tied,Untied)Fund, MG(Road)Fund എന്നിവയിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക കണക്ക് | ACR |
|---|---|---|
| Plan A | 2,17,90,627 | 2,23,51,973 |
| CFC(Tied) | 12,51,443 | 36,40,672 |
| CFC(Untied) | 4,13,292 | 20,50,336 |
| MG(NR) | 1,21,52,721 | 1,33,25,989 |

(പ്രൊജക്ട് എക്സ്പെൻഡീച്ചർ ലിസ്റ്റ് പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ക്യൂബിൽ തുകകളാണ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വ്യത്യാസത്തിനു കാരണമെന്നും മറുപടി ലഭ്യമാക്കി.)

3. സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി-[ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക] വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

A) തന്നാണ്ട്

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്ക് | Resi | 3181563 | 2616111+44539 | 546958 |

| | | | | |
|---|---|---|---|---|
| | | | (Book Adjustment) =2660650 | |
| | Non Resi | 6304494 | 5445469+35369<br>(Book Adjustment) =5480838 | 864839 |
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | Resi | 3181563 | 2581508+44539<br>(Book Adjustment) =2626047 | 570359 |
| | Non Resi | 6304494 | 5516229+35369<br>(Book Adjustment) =5551598 | 775844 |

B)കുടിശ്ശിക

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാർഷിക കണക്ക് | Resi | 424886 -5% LC = 403642 | 285224 | 125401- 5% LC = 119131 |
| | Non Resi | 294980-5% LC = 280231 | 6004020 | 960171- 5% LC = 912162 |
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | Resi | 446143 | 293833 | 153145 |
| | Non Resi | 5774242 | 5994094 | 126727 |

ഓരോ നിരയിലും ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക എന്നിവ തമ്മിലും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സിലും ഇപ്രകാരം വ്യത്യാസം നില നിൽക്കുന്നു.

4.തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ്(2158522),തൊഴിലാളികൾക്ക് നേരിട്ട് നൽകിയതുൾപ്പെടെ മറ്റ് റവന്യൂ ചെലവ് (31770254) കൂടി ആകെ റവന്യൂ ചെലവ് 33928776 രൂപയാണ്. എന്നാൽ ഇംകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയത് 32552337രൂപയാണ്

5. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.2020-21 വാർഷിക കണക്ക് അപാകതകൾ പരിഹരിക്കാൻ ശേഷിക്കുന്നു.

## 1-11-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക-അപാകത

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ താഴെ കൊടുത്ത പട്ടികയിലെ ഫണ്ടുകൾ പ്രകാരമുള്ള ചെലവ് വാർഷിക കണക്ക്, എ.സി.ആർ എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക് | എ.സി.ആർ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 22788361 | 21790627 | 22351973 |
| വികസനഫണ്ട് എസ്.സി.പി | 8117096 | 7794430 | 7794430 |
| സി.എഫ്.സി.(ടൈഡ്) | 1661592 | 1251443 | 2050336 |
| സി.എഫ്.സി.(അൺടൈഡ്) | 3640672 | 413292 | 3640672 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 12152721 | 12152721 | 13325989 |

## 1-12 ഓഡിറ്റ് റിപ്പോർട്ടിൽ ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിൽ ചട്ടപ്രകാരം സ്വീകരിക്കേണ്ടനടപടികൾ സമയ ബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|

| | | |
|---|---|---|
| 1 | AIR CUSTOMS,CALICUT AIRPORT. | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 2 | SPECIAL DEPUTY COLLECTOR(LA) CALICUT AIRPORT DEVELOPMENT . | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 3 | AVS CARGO Management Services Pvt Ltd | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 4 | ഫാത്തിമ ദന്താശുപത്രി,പള്ളിക്കൽ | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 5 | ഹോളിസ്റ്റിക് ഹെൽത്ത് കെയർ ഡെന്റൽ ക്ലിനിക്,ചെട്ടിയാർമാട് . | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 6 | മെഡിഫ്ലോറ ഹെർബൽ സൊല്യൂഷൻസ്,അയനിക്കാട്. | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 7 | BIRD WORLD WIDE Flight Services India Pvt .Ltd,calicut Airport. | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 8 | AIR ARABIA ,CALICUT AIRPORT | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

2)പി.എച്ച് .സി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ജീവനക്കാരുടെ പേര് | തസ്തിക | കുറിപ്പ് |
|---|---|---|
| മുഹമ്മദ് മുസ്തഫ എം.(പ്രൊജക്ട് നമ്പർ 18/22 ഈവനിംഗ് ഒ.പി) | ഡോക്ടർ | 1-4-2021 മുതൽ 31-3-2022വരെ |
| രാജു പ്രസൂൺ സി .(പ്രൊജക്ട് നമ്പർ 18/22 ഈവനിംഗ് ഒ.പി) | ഫാർമസിസ്റ്റ് | 1-4-2021 മുതൽ 31-3-2022വരെ |
| Noufal Neyyan | DEO | 1-6-2021 മുതൽ 16-10-21 വരെ |

മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. [ഓഡിറ്റ് എൻക്വയറി നമ്പർ 12/29.09.2022,31/30-9-22]കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പിരിവ്-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങൾ ചട്ടം 14 പ്രകാരം സെക്രട്ടറി ഓരോ കെട്ടിട ഉടമക്കും വസ്തുനികുതി ഡിമാന്റ് നോട്ടീസ് നൽകണമെന്നും അയാൾ അല്ലെങ്കിൽ അയാളുടെ ഏജന്റ് കൈപറ്റിയതിന് ഡിമാന്റ് നോട്ടീസിന്റെ ഒരു പകർപ്പിൽ കൈപറ്റ് രസീത് വാങ്ങേണ്ടതുമാണ്.എന്നാൽ 2021-22 ൽ പുതിയതായി നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് ഇപ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/28-9-22)അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്.ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതി കുറവായി ചുമത്തി.

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3( 4 ) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെയോ ഒരാളുടെ തന്നെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ ആ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നും കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ശ്രീമതി കുഞ്ഞിപ്പാത്തുമ്മ & അതേർസ് എന്നിവരുടെ ഉടമസ്ഥതയിൽ 102/6-7 എന്നീ റീസർവ്വെ നമ്പറിലുള്ള 7 ആർ33ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 352.84 M2 വിസ്തീർണ്ണമുള്ള, വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി അന്തിമ വിജ്ഞാപന പ്രകാരം ടി കെട്ടിടം പ്രഥമ മേഖലയിൽ ഉൾപ്പെട്ടതാണ്.ടി കെട്ടിടത്തെ ദ്വിതീയ മേഖലകയിൽ ഉൾപ്പെടുത്തി വസ്തുനികുതിയിൽ 10% ഇളവ് നൽകിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 352.84 ച മീറ്റർ |
| വസ്തു നികുതി കണക്കാക്കിയ വിസ്തീർണ്ണം | 239.09 ച മീറ്റർ |
| അനുവദിച്ച കെട്ടിട നമ്പർ | 22/544Bമുതൽ Eവരെ |
| കണക്കാക്കിയ വസ്തു നികുതി | 13454 (2021-22 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം) |

| | |
|---|---|
| യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി @50 രൂപ+ വഴി സൌകര്യം 20% വർദ്ധനവ് +LC | (17642+3528+1059)=22229/-രൂപ (കുറവ്-8775/-രൂപ ) |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(8/28-9-22) മറുപടി ലഭ്യമാക്കിയിട്ടില്ല.തെറ്റായ നികുതി നിർണ്ണയംമൂലം 8775/-രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയംമൂലം നാളിതുവരെ പഞ്ചായത്തിന് നഷ്ടം വന്ന തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 കുടിശ്ശിക -ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2021-22ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് പ്രകാരം (B-15)ചുവടെ ചേർത്ത ഇനങ്ങളിൽ കുടിശ്ശിക ഉള്ളതായി ബോധ്യപ്പെട്ടു.

| ക്രമ നം | ഇനം | കുടിശ്ശിക |
|---|---|---|
| 1 | തൊഴിൽ നികുതി | 38750 |
| 2 | വസ്തു നികുതി(LCഉൾപ്പെടെ) | 2497369 |
| 3 | വാടക | 15689 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/24-9-22) കുടിശ്ശിക ഒടുക്കു വരുത്തുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്.
കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| VPKMHSS പുത്തൂർപള്ളിക്കൽ HS&HSS | 20/446 -Ground Floor (65 SqM)<br>20/447 -Ground Floor (100 SqM)<br>20/448 -Ground Floor (100 SqM)<br>20/449 -Ground Floor (65 SqM)<br>20/450 -Ground Floor (70 SqM)<br>20/451 -Ground Floor (70 SqM)<br>20/451 A -Ground Floor (315.18 SqM) & FF (315.18 SqM ) | 18x6.1x 2 = 219.6 (2 നില – 6 Room )<br>18x6x1 = 108 (1 നില – 3 Room)<br>6x6x1 = 36 (1 നില – 1 Room)<br>24x6.2x 2 = 297.6 (2 നില 8 Rooms)<br>2x6.1x6.1 = 74.42 ( 2 Classes)<br>10x6.1x6.1 = 372.1 ( 2 നില, 10 Classroom)<br>6x6.1x6.1 = 223.26<br>6x6.1x6.1 = 223.26<br>11x5x6.1 = 335.5 ( 3 നില , 11 Classroom)<br>6.1x9.2 X4+ 6.1x15.5x1 = 319.03 ( GF HSS)<br>6.1x9.2 X3+ 6.1x12.1x2 = 315.98 ( FF HSS)<br>6.1x12.1 X1+ 6.1x6.1x2x6.1x12.1x3= 369.66 ( SF HSS) |
| Puthurpallikkal AMUPS | 17/258 A 315.25 $M^2$ -GF<br>389.07 $M^2$ -FF<br>186.4 $M^2$ -SF | 18.4x6.15 = 113.16 ( 3 Class Room)<br>9x5.5 = 49.5 ( 1 Class Room)<br>12.05x6 = 72.3 ( 2 Class Room )<br>12x6 = 72 ( 2 Class Room)<br>12x6.1 = 73.2 ( 2 Class Room)<br>12.27x6.1x3 = 224.541 ( GF,FF&SF)<br>6.1x6.1x7 = 260.47 GF<br>6.1x6.1x7 = 260.47 FF<br>6.1x6.1x3 = 111.63 SF |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ

യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷഅടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതികൾ കണ്ടെത്തി നിയമപ്രകാരം ക്രമ വൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/30.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതിയിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലുള്ളതോ ആയ വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയുടെ കൂടെ 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ആയിട്ടാണ് കാണിച്ചിരിക്കുന്നത്.എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് തെറ്റായി രേഖപ്പെടുത്തിയിടുത്തി നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് നഷ്ടം വന്നതായി വ്യക്തമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ / അപേക്ഷ നം | റീ.സ. നമ്പർ/ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | അനുവദിച്ച കെട്ടിട നമ്പർ | ഈടാക്കിയ നികുതി (രൂപ) | യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (രൂപ) | വസ്തു നികുതിയിലുള്ള കുറവ് (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ നാരായണദാസ് കെ പി A1 10283/21/22 .11 .21 | 338/18-2 504 ച.മീറ്റർ | 18/403J മുതൽ Oവരെ | | ((വിസ്തീർണ്ണം* 90 രൂപ-(മേഖല ഇളവ് 10%)+ (വഴി സൌകര്യം 20% വർദ്ധനവ്)) -(ഓരോ നിലയിലുമുള്ള ഇളവ് )+LC | | *വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ കെട്ടിങ്ങൾക്ക് 2021-22 FIRST Half മുതൽ നികുതി പ്രാബല്യം. *ഈ കെട്ടിടത്തിൽ മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ റൂമുകൾക്ക് 18/403 Cമുതൽ F വരെ നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചതിന് റോഡിന്റെ തരം 5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| | | | 403J (താഴത്തെ നില)-77 ച. മീ | 6549 | (6930-693+1386)-0+382=8005 | 1456/-രൂപ | |
| | | | 403K(താഴത്തെ നില)-77ച. മീ | 6549 | (6930-693+1386)-0+382=8005 | 1456/-രൂപ കുറവ്) | |
| | | | 403L(താഴത്തെ നില)-77ച. മീ | 6549 | (6930-693+1386)-0+382=8005 | 1456/-രൂപ കുറവ്) | |
| | | | 403M(ഒന്നാം നില)-91ച. മീ | 7354 | (8190-819+1638)-450.45+428=8987 | 1633/-രൂപ കുറവ്) | |
| | | | 403N(ഒന്നാം നില)-91ച. മീ | 7354 | (8190-819+1638)-450.45+428=8987 | 1633/-രൂപ | |
| | | | 403O(ഒന്നാം നില)-91ച. മീ | 7354 | (8190-819+1638)-450.45+428=8987 | 1633/-രൂപ | |
| | | ആകെ | | 41709 | 50976 | 9267 | |
| 2 | ശ്രീ മൊയ്തീൻ കുട്ടി,ചെനക്കൽ A1 *3723/*2020 /17-6-20 | 151.28ച മീ 276/2-4,2-7 | 19/588 M മുതൽ Uവരെ | | ((വിസ്തീർണ്ണം* 50 രൂപ-(മേഖല ഇളവ് 10%)+ (വഴി സൌകര്യം 20% വർദ്ധനവ്)) -(ഓരോ നിലയിലുമുള്ള ഇളവ് )+LC | | *വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ *ഈ കെട്ടിടത്തിൽ മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ റൂമുകൾക്ക് 19/558 Aമുതൽ L വരെ നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചതിന് |
| | | | 19/588 M(താഴത്തെ നില)-17.35ച. | 821 | (867.5-86.75+173.5)-0+57=1012 | 191 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മീ | | | | |
| | | | 19/588 N(താഴത്തെ നില)-13.87ച. മീ | 657 | (693.5-69.35+138.7)-0+39=802 | 145 | |
| | | | 19/588 O(താഴത്തെ നില)-15.5ച. മീ | 733 | (775-77.5+155)-0+43=741 | 8 | |
| | | | 19/588 P(താഴത്തെ നില)-15.5ച. മീ | 733 | (775-77.5+155)-0+43=741 | 8 | റോഡിന്റെ തരം 5 മീറ്ററിൽ കൂട്ടതൽ എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് |
| | | | 19/588 Q(താഴത്തെ നില)-15.5ച. മീ | 733 | (775-77.5+155)-0+43=741 | 8 | |
| | | | 19/588 R(ഒന്നാം നില)-17.35ച. മീ | 780 | (867.5-86.75+173.5)-47.7+46=953 | 173 | |
| | | | 19/588 S(ഒന്നാം നില)-18.74ച. മീ | 843 | (937-93.7+187.4)-51.5+49=1029 | 186 | |
| | | | 19/588 T(ഒന്നാം നില)-18.74ച. മീ | 843 | (937-93.7+187.4)-51.5+49=1029 | 186 | |
| | | | 19/588 U(ഒന്നാം നില)-18.74ച. മീ | 843 | (937-93.7+187.4)-51.5+49=1029 | 186 | |
| | | ആകെ | | 6986 | 8077 | 1091 | |

റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി കുറവായി നിർണ്ണയിച്ചത് മൂലം (9267+1091)10358/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/29-09-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല.

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽമേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29-9-22) ഗ്രാമപഞ്ചായത്തിൽ ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല എന്നാണ് അറിയിച്ചത്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി വിജ്ഞാപനം നടപ്പിൽ വരുത്തിയതിന്റെയും കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വസ്തുനികുതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 വാടക പിരിവ് - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിവ് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ , ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1). പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പഞ്ചായത്തിന്റെ വാടകക്ക് നൽകുന്ന റൂമുകളുടെ എണ്ണം ,അവയുടെ കെട്ടിട നമ്പർ, വിസ്തീർണ്ണം, നിലവിൽ എത്ര മുറികളിൽ വാടകക്കാർ ഉണ്ട്, നിലവിൽ എത്ര മുറികളിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം വ്യക്തമല്ല.

2). വാടക സംബന്ധിച്ച അംഗീകാരം ലഭിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല.

4)3/575 എന്ന കടമുറിയിൽ പ്രവർത്തിച്ചിരുന്ന അമ്മൂസ് വനിത ഹോട്ടൽ എന്ന സ്ഥാപനത്തിൽ നിന്നും 2019 ഡിസംബർ മുതലുള്ള വാടക ഈടാക്കിയതായി കാണുന്നില്ല. വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/29-9-22)ക്രമ നമ്പർ 1,2,3 എന്നീ അപാകതകൾ പരിഹരിക്കാമെന്നും ക്രമ നമ്പർ 4 ലെ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും കുടിശ്ശിക ഈടാക്കുന്നതിന് വേണ്ടി കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്.തുടർനപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ. 440399/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (PHC/GAD) നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം പി എച്ച് സി -യിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 600000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 159601/- രൂപയുടെ മരുന്നുകൾ മാത്രമാണ് 26/09/2022തിയ്യതി വരെ ലഭിച്ചിട്ടുള്ളത്.440399/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | ബിൽ നം / ചെക്ക് നമ്പർ |
|---|---|---|
| 159/22പരിരക്ഷ പദ്ധതി | 1)200000(തനത് ഫണ്ട്) | 1)727692/18-01-2022 |
| | 2)100000(പ്ലാൻഫണ്ട്) | 2)BRN21151052035300949315/14-1-22 |
| 14/22 PHC യിലേക്ക് മരുന്ന് വാങ്ങൽ | 300000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | BRN 21151052035300949311/14-1-22 |

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | PRF4028 /13-12-21 300000 | | 8154/8822 | 7594 |
| | | | 8434/11-8-22 | 39625 |
| | | | 8731/20-8-22 | 19163 |
| | | | 9285/25-8-22 | 25231 |
| | | | 9573/27-8-22 | 2334 |
| | | | 10347/3-9-22 | 17547 |
| | | | 11149/16-9-22 | 42884 |
| | | | 11568/20-9-22 | 3242 |
| | | | 12138/26-9-22 | 1981 |
| 2 | PRF4434/27-12-21) | 300000 | 0 | 0 |
| ആകെ | | 600000 | ആകെ | 159601 |

അവശേഷിക്കുന്ന 440399/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ 16/29.09.2022 ]

## 1-22 കെൽട്രോണിന് മുൻകൂർ തുക നൽകി- ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെചേർത്ത പദ്ധതി പ്രകാരം പി എച്ച് സിയിലേക്ക് 2 ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/30168/20-21/29.09.21) പ്രകാരമുള്ള 78040/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ലാപ്പ്ടോപ്പുകൾനാളിതുവരെ ലഭ്യമായിട്ടില്ല.

ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/21-22 |
| പ്രോജക്ടിന്റെ പേര് | പി എച്ച് സിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| ചെലവ് തുക | 78040(മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) |
| ബിൽ നം. തുക | 21151052035300520491/8-10-21 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/29-09-2022 ) ലാപ്പ്ടോപ്പുകൾ ലഭ്യമാക്കാൻ കെൽട്രോണിന് നിരവധി തവണ കത്തയച്ചെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 78040 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 പോഷകാഹാര വിതരണം - അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതി യുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ വിതരണം ചെയ്ത വിവിധയിനം ന്യൂട്രിമിക്സുകളുടെ (48/22)വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ ചുവടെ ചേർത്ത കുടുംബശ്രീയൂനിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം | കുറിപ്പ് |
|---|---|---|---|
| 1 | 1199244 രൂപ (ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റ്) | BRN2115105203480029983O/12-8-21 | 2/5-4-21,5/3-5-21,8/28-5-21,12/28-6-21, 18/9-8-21 എന്നീ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 16206 Kg അമൃതം ന്യൂട്രിമിക്സിന്റെ വില നൽകിയത്. |
| 2 | 500018 രൂപ (ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റ്) | BRN21151052034800499134/8-10-21 | 20/1-9-21,,24/29-9-21,20എന്നീ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 6757Kg അമൃതം ന്യൂട്രിമിക്സിന്റെ വില നൽകിയത്. |
| 3 | 93882 രൂപ (ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റ്) | BRN21151052034800786599/15-12-21 | 28/30-10-21,31/30-11-21എന്നീ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 6633Kg അമൃതം ന്യൂട്രിമിക്സിന്റെ വില നൽകിയത്. |
| 4 | 396960 രൂപ (ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റ്) | 17-12-2021 ചെക്ക് നം 727684 | |
| 5 | 652480 രൂപ (ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റ്) | 07-03-2022 ചെക്ക് നം 727009 | 35/31-12-21,39/31-01-22,42 /25-2-22എന്നീ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 9958Kg അമൃതം ന്യൂട്രിമിക്സിന്റെ വില നൽകിയത്. |
| 6 | 66150 രൂപ (പുലരി ന്യൂട്രിമിക്സ് യൂണിറ്റ് ,ആന്തിയൂർക്കുന്ന്) | 21151052034800299834 /12-8-21 | 5/29-4-21 നമ്പർ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത 210 Kg Gravi Pro Poshan Mix ന്റെ വില നൽകിയത്. |
| 7 | 165164 രൂപ (നിയോവിറ്റ ന്യൂട്രിമിക്സ് യൂണിറ്റ് ,മൊറയൂർ ) | | 12/31-4-21,31/9-6-21 എന്നീ നമ്പർ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത 484 Kg ന്യൂട്രിമാം ന്റെ വില നൽകിയത്. |
| 8 | 107415 രൂപ (അന്ന പൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ് ,കണ്ണ മംഗലം ) | | 23/7-6-21 നമ്പർ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത 341 Kg Gravi Pro Poshan Mix ന്റെ വില നൽകിയത്. |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല .

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത മുകളിൽ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല .

പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരമാണ് ഇതുവഴി വിതരണം ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ആരോഗ്യപ്രിയ ന്യൂട്രിമിക്സ് യൂണിറ്റിന്റെ 8-2-21 ലെ പരിശോധന റിപ്പോർട്ട് ആണ് ലഭ്യമാക്കിയിട്ടുള്ളത്.സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28-9-22) കോവിഡ് സാഹജര്യം കാരണം സമയബന്ധിതമായി ലാബിൽ പരിശോധന നടത്താൻ കഴിഞ്ഞില്ല എന്നും അപാകതകൾ ആവർത്തിക്കില്ല എന്ന മറുപടിയുമാണ് ലഭ്യമാക്കിയത്.

ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതും ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂനിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

കരാർ ചമക്കുന്നതിൽ നിന്ന് സർക്കാർ ഇളവ് നൽകിയിട്ടില്ല എങ്കിൽ തുടർന്നുള്ള വിതരണത്തിന് സ്ഥാപനവുമായി ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്തി സുരക്ഷിതമാണ് എന്ന് ഉറപ്പുവരുത്തിയ ഉത്പന്നങ്ങൾ മാത്രമെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്നതും ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് ചെലവ് മാർഗ്ഗരേഖാ വിരുദ്ധം

നിർവ്വഹണം : സെക്രട്ടറി

പട്ടികയിലെ പ്രൊജക്ട് പ്രകാരം വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് KSEBയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തി.29.01.2018) ഖണ്ഡിക 7.5 പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് അനുമതിയുണ്ടെങ്കിലും ത്രീഫേസ് ആക്കുന്നതിന് അനുമതിയില്ലാത്തതാണ്.

| പ്രൊജക്ട് | ചെക്ക് നം./ തിയ്യതി | ഫണ്ട് ഇനം | തുക (രൂപ) |
|---|---|---|---|
| 301/22, വലക്കണ്ടി-മാതാംകുളങ്ങര-പാലക്കൽ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കൽ KSEBയിൽ ഡെപ്പോസിറ്റ് | 38560/ 14.3.22 | തനത് ഫണ്ട് | 1,39,653 |

സർക്കാർ അനുമതിയില്ലാതെ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കൽ പ്രവൃത്തിക്കു വേണ്ടി തുക നിക്ഷേപിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 26/ 30.09.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ പൊതുജന പരാതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നറിയിച്ചു. കെ.എസ്.ഇ.ബി യുടെ ചുമതലയിൽ വരുന്ന പ്രവൃത്തിക്ക് സർക്കാർ അനുമതി ലഭ്യമാക്കാതെ ചെലവ് ചെയ്തത് ക്രമ വിരുദ്ധമാണ്.
പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. അനുമതിപത്രവും അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,39,653രൂപ തടസ്സം ചെയ്യുന്നു

## 1-25 PMC-അക്രഡിറ്റ് ഏജൻസികൾക്ക് പ്രവൃത്തി നേരിട്ട് നടപ്പിലാക്കുന്നതിന് ചുമതല നൽകി

നിർവ്വഹണം: സെക്രട്ടറി
അക്രഡിറ്റ് ഏജൻസികൾക്ക് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ.(പി)77/2019/ധന.തി.04.7.19) ഏജൻസികളെ PMC, Non PMC എന്ന നിലയിൽ വേർതിരിച്ച് വ്യക്തമാക്കിയിട്ടുണ്ട്. PMC ആയ ഏജൻസികൾ പ്രവൃത്തി നേരിട്ട് നടത്തൽ പ്രസ്തുത ഉത്തരവ് പ്രകാരം അനുവാദമില്ലാത്തതാണ്. സംസ്ഥാന കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.7.21 ലെ 4.31, 10.02.22 ലെ 2.4 നമ്പർ തീരുമാനങ്ങളിൽ PMC ആയ ഏജൻസികൾ പ്രവൃത്തി നേരിട്ട് നടത്തിയത് ഗൗരവമായി കാണുകയും പഞ്ചായത്ത് ഡയറക്ടറോട് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

| പ്രൊജക്ട് | ബിൽ/ചെക്ക് നം.തി | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|
| 309/22, പള്ളിക്കൽ ബസാർ ഹൈമാസ്റ്റ് ലൈറ്റ് മാറ്റിസ്ഥാപിക്കൽ | 38300/04.01.22 | 2,60,000 | തനത് | KEL ന്റെ 391/24.11.21 നം. ടാക്സ് ഇൻവോയ്സ് |
| 344/22,കരിപ്പൂർ മേഖല സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 2501315103/ 14.3.22 | 7,67,547 | വികസനഫണ്ട് | KSIE യുടെ CHNBC/179 /21-22/ 7.3.22 നം. ടാക്സ് ഇൻവോയ്സ് |
| | ആകെ | 10,27,547 | | |

KEL,KSIE എന്നിവയ്ക്ക് PMC എന്ന നിലയിലാണ് മേൽ സർക്കാർ ഉത്തരവ് പ്രകാരം അക്രഡിഷൻ നൽകിയിട്ടുള്ളത്.PMC ആയ ഏജൻസികൾക്ക് പ്രവൃത്തി നേരിട്ട് നടത്തുന്നതിന് ചുമതലപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/ 30.09.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തികൾ PMC ഏജൻസികൾ നേരിട്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഇല്ല.

2021-22 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്ടുകൾ താഴെ നൽകുന്നു

1. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
2. എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി
3. പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ
4. പട്ടികജാതി വിദ്യാർത്ഥികൽക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ
5. വാട്ടർ ടാങ്ക് വിതരണം

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ (GO(MS)22/2018/WSD Dated 14/02/18) ഈ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രധാന നിബന്ധന ഒരിക്കൽ ആനുകൂല്യം നൽകിയവർക്ക് ആനുകൂല്യം നൽകാൻ പാടില്ല എന്നതാണ്.

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്റ്റുകൾപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയോ എന്നത് പരിശോധിക്കുന്നതിന് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ വ്യക്തമായ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിഗുണഭോക്താക്കൾ ഒരിക്കൽ കൈപ്പറ്റിയ അതേ ആനുകല്യം വീണ്ടും കൈപ്പറ്റുന്നത് തടയുന്നതിന് സംവിധാനം ഒരുക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (3/24.09.22) അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടിക സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു.

## 1-27 അസി.എൻജിനിയർ-കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ തിയ്യതി, ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
2. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
3. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 അസി.എൻജിനിയർ-കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400005206 നമ്പർ അക്കൗണ്ടിൽ 24.09.2022 ന് ₹ 294730യും SBI യുടെ കൊണ്ടോട്ടിശാഖയിലുള്ള 67235327499 നമ്പർ അക്കൗണ്ടിൽ 27.09.2022 ന് ₹ 17563 യും ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഇത്തരത്തിൽ അവശേഷിക്കുന്ന പണത്തിന്റെ വിവരം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയർക്ക് അനുവദിക്കുന്നത് എന്നതിനാൽ എഞ്ചിനിയർക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സാഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/30.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 സർക്കാർ നിർദ്ദേശം പാലിക്കാതെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഢബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഢബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഢബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഢബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2021-22,2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (18/29.09.22) മറുപടി ലഭ്യമായിട്ടില്ല.

## 1-30 മരാമത്ത് -ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളി ൽമേൽ നിർദ്ദേശങ്ങള് പാലിക്കുന്നില്ല.

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-31 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 26.02.2019 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഏപ്രിൽ മാസത്തോടെ അവസാനിച്ചിരിക്കുകയാണ്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചി കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 113

ആകെ അടങ്കൽ - 27736622

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1224874 | 1224874 | 1224874 | 3674622 |
| പ്ലാൻ ഫണ്ട് | 11650000 | 9106000 | 3306000 | 24062000 |
| | | | | 27736622 |

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 3013122 |
| ചികിത്സ | 426000 |
| ഭൂമി | 5100000 |
| ഭവന നിർമ്മാണം | 18400000 |
| വിദ്യാഭ്യാസം | 235500 |
| ഭവന പുനരുദ്ധാരണം | 550000 |
| വെള്ളം | 12000 |
| ആകെ | 27736622 |

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 2021-22 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 1371205 | 1371205 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 1500000 | 770120 |
| VEO മുഖേന ആനുകൂല്യം നൽകിയത് | | 3075000 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 2081325 |
| സ്ഥലം | 400000 |
| വീട് | 2400000 |
| വീട് റിപ്പയർ | 275000 |
| വിദ്യാഭ്യാസം | 60000 |

ചികിത്സ എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ചികിത്സ , വിദ്യാഭ്യാസ മേഖലകളിൽ പ്രൊജക്ട് ഗുണഭോക്താക്കൾക്ക് സേവനങ്ങൾനൽകിയത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ | കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭക്ഷണം | 113 | 3013122 | 113 | ചലഞ്ച് ഫണ്ട്, പ്ലാൻഫണ്ട് എന്നിവയിൽ നിന്ന് ₹ 2061783 ചെലവഴിച്ചു |
| സ്ഥലം വാങ്ങൽ | 17 | 5100000 | 2 | VEO യുടെ പ്രൊജക്ട് മുഖേന 400000 നൽകി |
| വീട് നിർമ്മാണം | 46 | 18400000 | 6 | VEO യുടെ പ്രൊജക്ട് മുഖേന 2400000 നൽകി |
| വീട് റിപ്പയർ | 16 | 550000 | 7 | VEO യുടെ പ്രൊജക്ട് മുഖേന 275000 നൽകി |

സ്ഥലം വാങ്ങലിൽ 11.76 % ഉം വീട് നിർമ്മാണത്തിൽ 13.04 % ഉം വീട് റിപ്പയറിൽ 43.75 % മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്.

പദ്ധതിക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ച 15 ലക്ഷം രൂപയിൽ നാളിതുവരെ ചെലവഴിച്ച 836909 രൂപ മുഴുവനായും ചെലവഴിച്ചത് ഭക്ഷണ വിതരണം നടത്തുന്നതിനാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല .

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെയും പദ്ധതിയുടെ കാലയളവ് അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തീരുമാനത്തിനനുസരിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പദ്ധതി നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 109 പ്രൊജക്ടുകളിലായി ആകെ 34924931 രൂപയാണ് ചെലവഴിച്ചത്.

| ആകെ പദ്ധതി | | ആകെ അടങ്കൽ | |
|---|---|---|---|
| നടപ്പിലാക്കിയത് | 109 | ചെലവ് | 34924931 |
| ശതമാനം | | ചെലവ് ശതമാനം | |

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്.

എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

സെക്യൂരിറ്റി രജിസ്റ്റർ

പരിശോധനക്ക് ലഭ്യമാക്കിയ സെക്യൂരിറ്റി രജിസ്റ്ററിൽ സെക്യൂറ്റി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ , സെക്യൂരിറ്റി കാലാവധി, പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് , സെക്യൂറ്റി തിരിച്ചു നൽകേണ്ട കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

VI)ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

എഞ്ചിനിയറിംഗ് വിഭാഗം ഓരോ വർഷവും നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല. ഒരു അടിസ്ഥാനവുമില്ലാതെ വിവിധ പ്രൊജക്റ്റ് ഫയലുകൾ കെട്ടിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തി ഫയലുകൾ കാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ ക്രമത്തിൽ പ്രത്യേകം നമ്പർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

VII) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 വയോജനങ്ങൾക്ക് ചാരുകസേര പദ്ധതി മാർഗ്ഗരേഖാ വിരുദ്ധം

നിർവ്വഹണം: വി.ഇ.ഒ

പ്രൊജക്റ്റ് നം.275/22, വയോജനങ്ങൾക്ക് ചാരുകസേര

| ബിൽ നം./തീയതി | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|
| 21151052035001168347/ 21.02.2022 | 1,24,740 | വികസനഫണ്ട് ജനറൽ | ARTCO യുടെ KKD333/11.02.22 കാഷ് ബിൽ പ്രകാരം 126 കസേരകളുടെ വിലയായി നികുതി ഉൾപ്പെടെ 1,24,740രൂപ നൽകി. |

14.02.2018ലെ സ.ഉ.(കൈ)22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്ക് ചാരുകസേര നൽകുന്നതിന് അനുമതിയില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അപ്രകാരം മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ അനുമതിയില്ലാത്ത ഇനത്തിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കാതെ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ വയോജനങ്ങൾക്ക് ചാരുകസേര പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.21/29.9.2022 )ക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 1,24,740രൂപ തടസ്സം ചെയ്യുന്നു.

സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ വയോജനങ്ങൾക്ക് ചാരുകസേര പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണം : സെക്രട്ടറി

പട്ടികയിലെ ചെലവുകൾ സംബന്ധിച്ച് പരാമർശിച്ച അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ -ചെക്ക് നം./തിയ്യതി | ഫണ്ട് | തുക | റിമാർക്സ് |
|---|---|---|---|---|
| 294/22, പഞ്ചായത്ത് ഓഫീസിനു മുകളിൽ സോളാർ | 38574/ 25.3.22 | തനത് ഫണ്ട് | 1,26,000 | B2C/VKED84/ 21.3.22 കാഷ് ബിൽ പ്രകാരം 1,24,740 രൂപVK Electronics Industries, Near KINFRA എന്ന സ്ഥാപനത്തിന് |

| | | | | |
|---|---|---|---|---|
| പാനൽ സ്ഥാപിക്കൽ | | | | 1,24,740 രൂപ നൽകിയിട്ടുണ്ട്. IT ഉൾപ്പെടെ 1,26,000 രൂപയുടെ ചെലവുണ്ട്. ടെണ്ടർ രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 370/22, ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ വിഹിതം നൽകൽ | 2501102697 / 10.02.22 | വികസനഫണ്ട് ജനറൽ | 2,65,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | 391000 | |

രേഖകൾ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/29.9.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. 391000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-35 ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം: സെക്രട്ടറി

ഹോമിയോ ഡിസ്പെൻസെറിയിലേയ്ക്ക് ആലപ്പുഴ ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

| പ്രോജക്ട് | ബിൽ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 07/22 ഹോമിയോ ആശുപത്രി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 2500590263/ 29.10.21 | PF757/ 12.10.2021 | 1,50,000 | 106690 (LF6/17.3.22) | 43310 |

മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/ 29.09.2022)

## 1-36 റോഡ് കോൺക്രീറ്റ് - അധികം നൽകിയ ₹ 28639 തിരിച്ചടച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ഫോം വർക്ക് ചെയ്യാതെ നടത്തിയ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്ന തുക അനുവദിച്ച് നൽകിയത്മൂലം അധികം നൽകിയ ₹ 28639 ഓഡിറ്റ് എൻക്വയറി ( 11/ 29.09.2022 ) നൽകിയതിനെത്തുടർന്ന് തിരിച്ചടച്ചു.

| ക്രമ നം | പ്രൊജക്ട് | തിരിച്ചടവ് | കുറിപ്പ് |
|---|---|---|---|
| 1 | വയക്കാറത്ത് പൊറ്റമ്മൽ റോഡ് കൺസ്ട്രക്ഷൻ ( 173/22) | 1728 | ₹ 19148 – രസീത് നം 1220103553/ 03.10.2022<br>₹ 2936 – ചലാൻ നം KL017779556202223M/06.10.2022<br>₹ 6555 – ചലാൻ നം KL017780171202223M/06.10.2022 |
| 2 | ദേവതിയാൽ കല്ലുവളപ്പിൽ പുത്തൻപുര റോഡ് നിർമ്മാണം ( 142/22 ) | 5617 | |
| 3 | ഉണ്യാൽ പറമ്പ് കമ്മിണിപ്പാറ പറമ്പിൽ റോഡ് പുനരുദ്ധാരണം ( 97/22) | 5662 | |
| 4 | തെക്കുംപുറം എസ്.സി കോളനി ഫുട്പാത്ത് (163/22) | 2936 | |
| 5 | തറ്റത്തൊടി താന്നിയങ്ങാട്ട് റോഡ് നവീകരണം ( 90/22) | 6555 | |
| 6 | ചാത്തംപിലാക്കൽ കുപ്പാട്ട് റോഡ് നവീകരണം ( 104/22) | 6141 | |
| | | 28639 | |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 23-09-2022 മുതൽ 24-09-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 800000 | 51/22ഐ ഇ ഡിസി സ്കോളർഷിപ്പ് | 800000 | 0 |
| | 1780000 | 79/22 ലൈഫ് ഭവന പദ്ധതി(എസ് സി) | 1780000 | 0 |
| | 104500 | 58/22 നെൽ കൃഷി വികസനം. | 104500 | 0 |
| ജില്ലാ പഞ്ചായത്ത് | 800000 | 51/22 ഐ ഇ ഡിസി സ്കോളർഷിപ്പ് | 800000 | 0 |
| | 1720000 | 79/22 ലൈഫ് ഭവന പദ്ധതി(എസ് സി) | 1720000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 301/22 ,വലക്കണ്ടി മാതാംകുളങ്ങര പാലക്കൽ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കൽ . | 22101176 Dtd 14-03-22 | 139653 | 0 | പൂർത്തീകരിച്ചിട്ടില്ല. | 139653 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 0 | 5008000 | 1056000 | 0 | 3952000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തില് ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23293479 |
| തൻവർഷം നിക്ഷേപിച്ച തുക | 1688778 |
| ആകെ | 24982257 |
| തന്നാണ്ടില് പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24982257 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 1981-82 | 7(a),7(b) | 682 | സെക്രട്ടറി,പള്ളിക്കൽ ഗ്രാമപഞ്ചായത്ത്. | 121040104761തിയതി 15/12/2021 |
| 2014-15 മുതൽ 2018-19 | 1(3) | 35343 | മമ്മദ് അല്ലിപ്ര | 121040105257തിയതി 21/12/2021 |
| 2006-07 | 3(4) | 378 | വി പി അബ്ദുൽ നാസർ | 121040106259 തിയതി 4/01/2022 |
| 2008-09 | 2-2 | 1250 | KSIE | 121040500138/27-2-22 |
| 2006-07 | 3-4 | 7950 | KC രാജീവൻ | 121040107415/27-1-22 |
| 1996-97 | 27(4) | 327 | അബൂബക്കർ | 121040107862/5-2-2022 |
| 1996-97 | 28 | 175 | വിലാസിനി | 121040107863/5-2-2022 |
| 1996-97 | 28 | 375 | വിലാസിനി | 121040107864/5-2-2022 |
| 1996-97 | 28 | 163 | വി പി അബ്ദുള്ള | 121040107865/5-2-2022 |
| 1997-98 | 28 | 100 | കെ പി ശാരദ | 121040107866/5-2-2022 |
| 1992-93,1993-94 | 9 | 31 | DR ഗോകുൽ ദാസ് | 121040107937/5-2-2022 |
| 1992-93,1993-94 | 9 | 6 | വാകേരി സൈദലവി | 121040107938/5-2-2022 |
| 1992-93,1993-94 | 9 | 9 | മടത്തുംവീട്ടിൽ അലിക്കുട്ടി | 121040107939/5-2-2022 |
| 1992-93,1993-94 | 15 | 79 | PK വേലായുധൻ | 121040107940/5-2-2022 |

| | | | | |
|---|---|---|---|---|
| 1992-93,1993-94 | 15 | 22 | TP അബൂബക്കർ | 121040107941/5-2-2022 |
| 2008-09 | - | 2500 | എയർപോർട്ട് അതോറിറ്റി | 121110900105/19-3-2022 |

ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്കിൽ 105748/- രൂപ വരവുണ്ടെങ്കിലും 49390/-രൂപയാണ് ഈ ഇനത്തിൽ വരവുള്ളത്.അവശേഷിക്കുന്ന തുക (2019-20,2020-21)ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ അടവാക്കിയതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | ടാർ വാങ്ങലിൽ ക്രമക്കേട് | നടപടി തുടരുന്നു |
| 1998-99 | 38 (5) | 2003-04 | - | ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കിയത്. | നടപടി തുടരുന്നു |
| 1998-99 | 45 | 2003-04 | - | മൈത്രി ഭവന നിർമ്മാണം. | നടപടി തുടരുന്നു |
| 1998-99 | 53 | 2003-04 | - | അങ്കണവാടി കെട്ടിടം നിർമ്മാണം | നടപടി തുടരുന്നു |
| 1999-2000 | 40 | 2003-04 | - | വീട് റിപ്പയർ | നടപടി തുടരുന്നു |
| 1999-2000 | 43 | 2003-04 | - | വനിത വ്യവസായ കേന്ദ്രം സ്ഥാപിക്കൽ | നടപടി തുടരുന്നു |
| 2014-15 | 2(1) | 2016-17 | - | - | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളില് | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2010-11 | 3-4, 3-11 | ശ്രീ. സി.കെ. മോഹൻദാസ് | LF.17737/ Spl.Cell/CSC /D1/13 Dt.15.12.2016 | 57,18,895 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 5718895 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 175826706 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113375963 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1760980 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 78040 | മെഡിക്കൽ ഓഫീസർ ,ഡോ ഷാജി അറക്കൽ |
| 1-23 | 139653 | സെക്രട്ടറി ശ്രീ. ഷമീൽ .ഇ |
| 1-24 | 1027547 | സെക്രട്ടറി ശ്രീ. ഷമീൽ .ഇ |
| 1-33 | 124740 | വി ഇ ഒ,ശ്രീ ഷൈജു പി |
| 1-34 | 391000 | സെക്രട്ടറി ശ്രീ. ഷമീൽ .ഇ |
| ആകെ | 1760980 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86 | കെ.എസ്.എ.എം.പി.എം26/764/19തിയ്യതി 4.02.2019 | 6 |
| 2 | 1991-92<br>92-93 | എൽ.എഫ്.എം07/1780/94 തിയ്യതി 30.07.1994 | 9 |
| 3 | 1993-94 | എൽ.എഫ്.എം07/1773/03 തിയ്യതി 18.11.2003 | 14 |
| 4 | 1996-97 | എൽ.എഫ്.എം07/659/01 തിയ്യതി 06.07.2005 | 15 |
| 5 | 1997-98 | എൽ.എഫ്.എം12/1466/01 തിയ്യതി 18.11.2003 | 31 |
| 6 | 1998-99 | എൽ.എഫ്.എം07/1467/01 തിയ്യതി 18.02.2005 | 31 |
| 7 | 1999-00 | എൽ.എഫ്.എം07/1766/03 തിയ്യതി 18.01.2003 | 18 |
| 8 | 2000-01 | എൽ.എഫ്.എം07/1878/05 തിയ്യതി 29.09.2006 | 20 |
| 9 | 2001-02 | എൽ.എഫ്.എം14/744/06 തിയ്യതി 26.09.2006 | 15 |
| 10 | 2002-03 | എൽ.എഫ്.എം14/567/08 തിയ്യതി 18.12.2008 | 05 |
| 11 | 2003-04 | എൽ.എഫ്.എം14/568/08 തിയ്യതി 18.12.2008 | 13 |
| 12 | 2004-05 | എൽ.എഫ്.എം14/1789/08 തിയ്യതി 04.03.2009 | 02 |
| 13 | 2005-06 | എൽ.എഫ്.എം14/1777/08 തിയ്യതി 14.03.2009 | 03 |
| 14 | 2006-07 | എൽ.എഫ്.എം14/1652/09 തിയ്യതി 09.06.2010 | 9 |
| 15 | 2007-08 | എൽ.എഫ്.എം06/807/12 തിയ്യതി 06.06.2012 | 12 |
| 16 | 2008-09 | എൽ.എഫ്.എം06/808/12 തിയ്യതി 06.06.2012 | 9 |
| 17 | 2009-10 | എൽ.എഫ്.എം06/809/12 തിയ്യതി 06.06.2012 | 4 |
| 18 | 2010-11 | കെഎസ്എഎംപി എം26/280/22 തിയ്യതി 5-7-22 | 4 |
| 19 | 2011-12 &<br>2012-13 | കെഎസ്എഎംപി എം26/216/22 തിയ്യതി 2-7-22 | 1 |
| 20 | 2013-14, &<br>2014-15 | കെ.എസ്.എ.എം.പി.എം06/1897/15 തിയ്യതി 10.09.2015 | 14 |

| | | | |
|---|---|---|---|
| 21 | 2015-16 | കെ.എസ്.എ.എം.പി.എം26/2455/2016 തിയ്യതി 13.03.2017 | 16 |
| 22 | 2016-17 | കെ.എസ്.എ.എം.പി.എം26/2790/2019തിയ്യതി 13.7.22 | 16 |
| 23 | 2017-18 | കെ.എസ്.എ.എം.പി.എം.26/2597/2018 തിയ്യതി 21-03-2019 | 24 |
| 24 | 2018-19 | കെ.എസ്.എ.എം.പി.എം.26/66/22 തിയ്യതി 20-04-22 | 10 |
| 25 | 2019-20 | കെ.എസ്.എ.എം.പി.എം.26/539/22 തിയ്യതി 24-5-22 | 14 |
| 26 | 2020-21 | കെ.എസ്.എ.എം.പി.എം.26/540/22 തിയ്യതി 24-5-22 | 23 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്